# ചോരച്ചാലിലൂടെ ഒരു 'നകബ' ദിനം കൂടി

**മെയ്** 15 ഫലസ്ത്വീനികളുടെ നെഞ്ചെരിയുന്ന ദിനമാണ്. സമാധാനത്തോടെ ജീവിച്ചുവന്ന ഫലസ്ത്വീനികളെ സാമ്രാജ്യത്വ ശക്തികളുടെ പിന്തുണയോടെ ആട്ടിയോടിച്ചും കൊന്നൊടുക്കിയും ഫലസ്ത്വീൻ മണ്ണിൽ അന്യായമായി ജൂത രാഷ്ട്രം നിലവിൽവന്ന ദിനമാണത്. ഇക്കുറി പ്രതിഷേധത്തിന്റെ 65-ാം വാർഷികമായിരുന്നു മെയ് 15 ഫലസ്ത്വീനികൾക്ക്. സിറിയ, ലബനോൻ, ജോർദാൻ എന്നിവിടങ്ങളിൽ അഭയാർഥികളായി കഴിയുന്ന 53 ലക്ഷത്തോളം വരുന്ന ഫലസ്ത്വീനികളുടെ ജൻമ നാട്ടിലേക്ക് തിരിച്ചുവരാനുള്ള അവകാശത്തിന് വേണ്ടി പോരാടുമെന്ന പ്രതിജ്ഞ പുതുക്കിയാണ് ഓരോ ഫലസ്തീൻ കുഞ്ഞും മെയ് 15 കഴിച്ചു കൂട്ടിയത്.



1948 ഏപ്രിൽ 18 ന് ജൂത തീവ്രവാദി നേതാവ് മെനച്ചം ബെഗിൻ നേതൃത്വം നൽകിയിരുന്ന ഇർഗൻ ഗ്രൂപ്പ് ഫലസ്ത്വീൻ പ്രദേശമായ Tiberius ൽ അതിക്രമിച്ച് കടന്ന് 5500 ഓളം വരുന്ന ഗ്രാമീണരെ ആട്ടിയോടിക്കുന്നതോടെ തുടങ്ങിയ അധിനിവേശം ഏപ്രിൽ 22ന് ഫലസ്ത്വീനിലെ മനോഹര നഗരമായ ഹൈഫ ആക്രമിച്ച് 70000 ത്തിലധികം പേരെ പുറത്താക്കിയതോടെ രൗദ്രഭാവം പൂണ്ടു. തുടർന്ന് ഏപ്രിൽ 25 ന് ഇർഗൻ ഗ്രൂപ്പ് ഫലസ്ത്വീൻ തീരദേശ നഗരമായ യാഫയിൽ ബോംബിട്ട് ഏഴര ലക്ഷത്തോളം നാട്ടുകാരെ പുറത്താക്കി. ഏറെ തന്ത്രപ്രധാനവും ചരിത്രമുറങ്ങുന്ന നഗരവുമാണ് യാഫ. കൃഷിചെയ്തും കാലി മേച്ചും കഴിഞ്ഞിരുന്ന പാവപ്പെട്ട ഗ്രാമീണരെ പിഴുതെറിഞ്ഞ് അന്യരാജ്യങ്ങളിലെ അഭയാർഥി ക്യാമ്പുകളിലെത്തിച്ച ഇസ്രയേലി ക്രൂരതയോട് മാപ്പില്ല എന്ന പ്രഖ്യാപനവുമായി പതിനായിരങ്ങൾ 'നകബ' ദിനത്തിൽ പ്രകടനങ്ങൾ നടത്തി.

ഫലസ്ത്വീൻ അഭയാർഥികളുടെ തിരിച്ചുവരവിനുള്ള അവകാശം അംഗീകരിക്കാത്ത ഒരു ഒത്തുതീർപ്പു ചർച്ചയും സ്വീകാര്യമല്ലെന്ന് നകബ ദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ പ്രസ്താവനയിൽ ഫലസ്ത്വീൻ ചെറുത്ത്നിൽപ് സംഘടനയായ ഹമാസ് വ്യക്തമാക്കി. തങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എല്ലാ തലത്തിലുമുള്ള പ്രതിരോധ സമരങ്ങളുമായി കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുമെന്നും ഹമാസ് പ്രഖ്യാപിച്ചു.

# 'ഹലാൽ ഇൻഡസ്ട്രി'യുടെ സാധ്യത തേടി കിർഗിസ്ഥാൻ

**വിവിധ** ലോക മാർക്കറ്റുകളിൽ 'ഹലാൽ' ഉൽപന്നങ്ങളുടെ 'ഡിമാന്റ്' വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ട കിർഗിസ്ഥാൻ, ഹലാൽ കമ്പോളത്തിൽ നല്ലൊരു വിഹിതം സ്വന്തമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. തങ്ങളുടെ ഉൽപന്നങ്ങളിലേക്ക് ലോക മുസ്‌ലിം ശ്രദ്ധ ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ഏകീകൃത നിലവാര സൂചിക പുറത്തിറക്കുകയും നാഷണൽ ഹലാൽ അസോസിയേഷൻ എന്നപേരിൽ മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും ചെയ്തുകഴിഞ്ഞു.

നിലവിൽ ലോക മാർക്കറ്റുകളിലെത്തുന്ന ഹലാൽ ഉൽപന്നങ്ങൾ മിക്കവാറും മലേഷ്യയുടെ കുത്തകയാണ്. മലേഷ്യൻ സ്റ്റാൻഡേർഡിനെ അടിസ്ഥാനമാക്കിയാണ് കിർഗിസ്ഥാനിലെ ഇസ്‌ലാമിക് സർട്ടിഫിക്കേഷൻ കമ്മിറ്റി ഹലാൽ സർട്ടിഫിക്കറ്റ് നൽകുന്നത്. പന്നിമാംസത്തിന്റെ അംശങ്ങൾ പല രീതിയിലായി ഭക്ഷ്യ പദാർഥങ്ങളിലും സൗന്ദര്യവർധക വസ്തുക്കളടക്കമുള്ള വിവിധ ഉൽപന്നങ്ങളിലും അടങ്ങിയിരിക്കുന്നുവെന്നതാണ് മുസ്‌ലിംകളെ ഹലാൽ ഉൽപന്നങ്ങളിലേക്ക് ആകർഷിക്കുന്നത്. അധികം താമസിയാതെ ഹലാൽ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ കിർഗിസ്ഥാൻ മുഖ്യ സ്ഥാനം നേടുമെന്ന് ഇസ്‌ലാമിക സാമ്പത്തിക നിരീക്ഷകർ കരുതുന്നു. ലോകത്ത് 150 കോടിയോളം മുസ്‌ലിംകളും 50 കോടിയോളം മുസ്‌ലിമേതര സമൂഹവും ഹലാൽ ഫുഡ് ഉപയോഗിച്ചുവരുന്നതായാണ് കണക്കുകൾ. ആരോഗ്യ സുരക്ഷയുടെ ഭാഗമായി മുസ്‌ലിമേതര സമൂഹം 'ഹലാൽ ഫുഡ്' തെരഞ്ഞെടുക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു.





# ഇറാഖിൽ കൊന്നൊടുക്കിയത് ഒരു ലക്ഷമെന്ന് 'വിക്കിലീക്സ്'

**ജോർജ് ബുഷിന്റെ** യുദ്ധക്കൊതി ഇറാഖിൽ ഏകദേശം ഒരു ലക്ഷത്തോളം പേരെ കൊന്നൊടുക്കിയതായി 'വിക്കിലീക്സ്' വെളിപ്പെടുത്തി. കാര്യമായ ഒരു കാരണവും പറയാതെ നടത്തിയ ഈ കൂട്ടക്കൊലയിൽ 80% ഇരകളും സാധാരണക്കാരായിരുന്നു. ഇറാഖിൽ ബുഷ് ഭരണകൂടം നടത്തിയ കൂട്ടക്കുരുതിക്ക് തങ്ങളുടെ പക്കൽ മതിയായ തെളിവുകളുണ്ടെന്നും വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാഞ്ചെ വ്യക്തമാക്കി.

വീക്കിലീക്സിന് രേഖകൾ ചോർത്തിനൽകിയെന്ന കുറ്റംചുമത്തി അമേരിക്കൻ സൈനികൻ ബ്രാഡ്‌ലി മാനിങ്ങിനെ അറസ്റ്റ് ചെയ്തതിനെ കളിയാക്കിയ അസാഞ്ചെ ഇക്കാര്യത്തിൽ കാര്യമായി ഇടപെടാത്ത അന്താരാഷ്ട്ര മനുഷ്യാവകാശ സ്ഥാപനങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു. മാനിങ്ങിന്റെ മോചനത്തിന് അന്താരാഷ്ട്ര സമൂഹം സമ്മർദം ചെലുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇറാഖിൽ അമേരിക്ക നടത്തിയ നരമേധത്തിന്റെ കണക്ക് മനുഷ്യ മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്.

# ശീഈസം അപകടകരമെന്ന് അൽഅസ്ഹർ

ഈജിപ്തിൽ ശിഈ വിശ്വാസം പ്രചരിക്കുന്നത് തടയാൻ മുൻകരുതൽ സ്വീകരിക്കണമെന്ന് ഒരുവിഭാഗം അൽഅസ്ഹർ പണ്ഡിതൻമാർ ആവശ്യപ്പെട്ടു. വിവിധ മാധ്യമങ്ങളിലൂടെയും പാഠ്യപദ്ധതിയിലൂടെയും മറ്റും ശീഈ വിശ്വാസത്തെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിനായി അൽഅസ്ഹറിനു പ്രത്യേകമായി ഒരു ടി.വി ചാനൽ ആരംഭിക്കാനും പരിപാടിയുള്ളതായി അൽഅസ്ഹർ പണ്ഡിതനും 'മജ്‌ലിസ് ഉമനാഉസ്സുന്ന' അംഗവുമായ ഉസാമ സുലൈമാൻ അറിയിച്ചു.

# സിറിയയിലെ ഇസ്രയേലി മോഹങ്ങൾ

**സിറിയൻ** ഏകാധിപതി ബശ്ശാറുൽ അസദ് പുറത്തുപോകുന്നത് സിറിയയിലെ ഇസ്രയേലി താൽപര്യങ്ങൾക്ക് ഹാനികരമാകുമെന്ന് പ്രശസ്ത ഇസ്രയേലി പത്രം *ഹാരറ്റ്സ്* വിലയിരുത്തുന്നു. ബശ്ശാറിനു ശേഷം സിറിയ ഇസ്‌ലാമിസ്റ്റുകളുടെ കരങ്ങളിലെത്തുമെന്ന ഭീതിയും ഹാരറ്റ്സ് പങ്കുവെക്കുന്നുണ്ട്. പരിമിതമായ അധികാരത്തോടെ ബശ്ശാർ അധികാരത്തിൽ തുടരണമെന്നും ഹിബ്രു പത്രം ആഗ്രഹം പ്രകടിപ്പിക്കുന്നു.

സിറിയൻ വിഭജനം ബശ്ശാറുൽ അസദ് സ്വപ്നം കാണുന്നതായി വിവിധ രാഷ്ട്രീയ നിരീക്ഷകർ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. ശിഈ വിഭാഗത്തിന് ആധിപത്യമുള്ള ഒരു പ്രവിശ്യയിൽ അധികാരത്തിൽ തുടരുക എന്നതാണ് ബശ്ശാറിന്റെ ലക്ഷ്യമെന്നും സിറിയൻ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര സമൂഹത്തിന്റെ



*ബശ്ശാർ*



*നെതന്യാഹു*

ഇടപെടലിലൂടെ ഇക്കാര്യം സാധിച്ചെടുക്കാമെന്ന് അദ്ദേഹം കരുതുന്നതായും രാഷ്ട്രീയ നിരൂപകർ അഭിപ്രായപ്പെടുന്നു. അതിനിടെ, സിറിയയിൽ ഇസ്രയേലി കമാൻഡോകൾ ഓപറേഷൻ നടത്തുന്ന ദൃശ്യങ്ങൾ സോഷ്യൽ മീഡിയ പുറത്തുവിട്ടു.

# സമനില തെറ്റി കരയുന്ന റോഹിങ്ക്യ ബാലൻ

**കഴിഞ്ഞ** ഒരാഴ്ചയിലേറെയായി സോഷ്യൽ മീഡിയയിൽ കണ്ണീർ കാഴ്ചയായിരുന്നു ഈ കൊച്ചു ബാലൻ. മതാന്ധത ബാധിച്ച മ്യാൻമർ ബുദ്ധിസ്റ്റ് തീവ്രവാദികൾ തന്റെ മാതാപിതാക്കളെ കൺ മുമ്പിലിട്ട് അരിഞ്ഞുകൊല്ലുന്നതിന് സാക്ഷിയാകേണ്ടിവന്ന ഹതഭാഗ്യനാണ് ഈ ബാലൻ. സംഭവത്തിനുശേഷം ഹിസ്റ്റീരിയ ബാധിച്ചപോലെ നിർത്താതെ കരയുന്ന ഈ കുട്ടി ആരുടെയും കണ്ണുകൾ ഈറനണിയിക്കും.

കഴിഞ്ഞ അഞ്ചുമാസമായി ഈ നില തുടരുന്നു. ഏതു നിമിഷവും ആക്രമണങ്ങൾക്കിരയായേക്കാവുന്ന റോഹിങ്ക്യകളുടെ ആശ്വാസ വാക്കുകളൊന്നും ഈ കരച്ചിലടക്കുന്നുമില്ല. യൂട്യൂബ് ദൃശ്യങ്ങളിൽ ഒരാൾ ഈ കുട്ടിയുടെ ദുരന്ത കഥ വിവരിക്കുന്നുണ്ട്. മാതാപിതാക്കളെ കൊല്ലുന്ന ഭീകര ദൃശ്യം കണ്ട് മാനസികനില തെറ്റിയ കുട്ടി പൂർവസ്ഥിതിയിലാകാൻ നീണ്ട കാലത്തെ ചികിത്സ വേണ്ടിവരും.



# മിഷനറി ഭീഷണി; ഡെർബൺ അറബ് ഫെസ്റ്റിവൽ നിർത്തിവെച്ചു

**അമേരിക്കയിൽ** കഴിയുന്ന അറബ് അമേരിക്കക്കാരുടെ ഏറ്റവും വലിയ പൊതുപരിപാടിയായ അറബ് ഫെസ്റ്റിവൽ വിവിധ ക്രിസ്ത്യൻ മിഷനറികളുടെ ആക്രമണങ്ങൾ ഭയന്ന് മാറ്റിവെച്ചതായി *ഡട്രോയിറ്റ്* ഫ്രീപ്രസ് റിപ്പോർട്ട് ചെയ്തു. ഒരു ബഹുസ്വര സമൂഹത്തിൽ വിവിധ ജനവിഭാഗങ്ങൾ തമ്മിൽ പാലം പണിയാൻ ശ്രമിക്കവെ, ചില തൽപര കക്ഷികൾ വിദ്വേഷം വളർത്താനും ആക്രമണങ്ങൾ അഴിച്ചുവിടാനും അറബ് ഫെസ്റ്റിവൽ വേദിയാക്കുന്നത് നിർഭാഗ്യകരമാണെന്ന് അറബ് അമേരിക്കൻ പ്രതിനിധി സുഹൈല അമീൻ പറഞ്ഞു. ജൂൺ 15 മുതൽ 17 വരെ നടത്താൻ തീരുമാനിച്ചിരുന്ന ഫെസ്റ്റിവലാണ് വേണ്ടെന്നുവെച്ചത്. പതിറ്റാണ്ടിലേറെയായി നടന്നുവരുന്ന അറബ് അമേരിക്കൻ ഫെസ്റ്റിവൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രിസ്ത്യൻ മിഷനറിമാരുടെ കടന്നാക്രമണങ്ങൾക്ക് വിധേയമായിരുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ ക്രിസ്ത്യൻ മിഷനറിമാർ പ്രവർത്തിച്ചുവരുന്നത് അമേരിക്കയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അമേരിക്കയിലെ ക്രിസ്ത്യൻ മിഷനറി സമൂഹം പുറമേക്ക് മതസഹിഷ്ണുതയും ഹൃദയ വിശാലതയുമൊക്കെ ഉൽഘോഷിക്കുമെങ്കിലും അകത്ത് അത്ര സുഖകരമല്ല കാര്യങ്ങൾ.

